**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6478 **03/04/2018**-ലെ മറുപടി

## മലപ്പുറം മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പ്രവൃത്തികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ ജോലികൾ യഥാസമയം പൂർത്തീകരിക്കാത്തത് മൂലം സംസ്ഥാനത്തെ വിവിധ റോഡുകളുടെ പുനരുദ്ധാരണ ജോലികൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ മൂലം സർക്കാരിന് വരുന്ന സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(സി) എങ്കിൽ അവ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ; | ബി) യും സി) | കേരള വാട്ടർ അതോറിറ്റി കുടിവെള്ളപദ്ധതിയുടെ ഭാഗമായി റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിൽ അനുമതിയ്ക്കായി മുൻകൂർ അപേക്ഷ സമർപ്പിക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കി രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയാണ് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ റോഡ് കുഴിക്കാനുള്ള അനുമതി ലഭിക്കാൻ കാലതാമസം നേരിടാറുണ്ട്, പ്രത്യേകിച്ച് മഴക്കാലത്ത്. ഇത് കാരണം കുടിവെള്ളപദ്ധതിയുടെ നിർവ്വഹണത്തിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ പല അവസരങ്ങളിലും റോഡ് പുന:സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക അംഗീകൃത മാനദണ്ഡങ്ങൾക്ക വിരുദ്ധമായി ആവശ്യപ്പെടാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ രണ്ടു വകുപ്പുകളുടേയും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തുക നിശ്ചയിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. |
| ഡി) | മലപ്പുറം മണ്ഡലത്തിലെ മുള്ളമ്പാറ-കോണിക്കല്ല്-ഇരുമ്പുഴി റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പണി പൂർത്തീകരിക്കാത്തത് മൂലം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഡി) യും ഇ) യും എഫും) | സ്റ്റേറ്റ് പ്ലാൻ-യു.ഡബ്ല്യൂ.എസ്.എസ് ആനക്കയം ഇരുമ്പുഴ മുതൽ കോണികല്ല് വരെയുള്ള കേടായ പൈപ്പ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 20.12.2017 ലെ ജി.ഒ(ആർഡി) 1040/2017/ഡബ്ല്യൂ.ആർ.ഡി പ്രകാരം 156.26 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും, മേൽ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കുന്നതിനാണ് അംഗീകാരം നൽകിയിരുന്നത്. എന്നാൽ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറല്ലെന്ന് അറിയിക്കുകയും റോഡ് പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റിൽ |

| | | |
|---|---|---|
| (ഇ) | പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പുന:സ്ഥാപിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | സൂചിപ്പിച്ചിരുന്ന 18.26 ലക്ഷം രൂപക്ക് പകരമായി ഇപ്പോൾ 73.94 ലക്ഷം രൂപയുടെ പുതുക്കിയ റെസ്റ്റോറേഷൻ ചാർജ്ജ് അടവാക്കി ബാക്കി പ്രവൃത്തി വാട്ടർ അതോറിറ്റി മുഖേന തന്നെ നടപ്പിലാക്കേണ്ടതുമാണെന്ന് അറിയിക്കുകയുമുണ്ടായി. എന്നാൽ ഇതിനോടകം റോഡിന്റെ പ്രവൃത്തി ആരംഭിക്കുകയും ആയതിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കും വേണ്ടി കൂടിയാണ് ഈ തുക വേണ്ടിവരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്കു വേണ്ടി 210.75 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക നേരത്തെ ലഭിച്ച ഭരണാനുമതിയെക്കാൾ 54.49 ലക്ഷം രൂപ അധികമായതിനാൽ 210.75 ലക്ഷം രൂപക്കുള്ള പുതുക്കിയ ഭരണാനുമതിയും പ്രവൃത്തി വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതിയും നൽകേണ്ടതുണ്ട്. |
| എഫ്) | പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തു പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | |

Renuka Sankar
സെക്ഷൻ ഓഫീസർ